## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 883** — **30.06.11-ൽ മറുപടിക്ക്**

**കൊല്ലം - പുനലൂർ ദേശീയ പാത-കയ്യേറ്റവും പുനരുദ്ധാരണവും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ദേശീയപാതയിൽ കൊല്ലം മുതൽ പുനലൂർ വരെയുള്ള ഭാഗങ്ങൾ പുനരുദ്ധരിക്കുന്നതിന് എത്ര തുകയുടെ എസ്റ്റിമേറ്റിന് അനുമതി ലഭിച്ചിട്ടുണ്ട്; | (എ) ദേശീയപാത 744 (പഴയത്-208) കേരളപുരം മുതൽ പുനലൂർ വരെയുള്ള ഭാഗങ്ങളിൽ പുനരുദ്ധാരണത്തിനുള്ള പ്രവൃത്തിക്ക് 1755.55 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (ബി) പ്രസ്തുത പദ്ധതിക്ക് 17.06.2011-ൽ 2155.92 ലക്ഷം രൂപയുടെ ടെണ്ടർ അനുമതി ലഭിച്ചിട്ടുണ്ട്. ടി ജോലി എത്രയും വേഗം ആരംഭിക്കുന്നതാണ്. |
| (സി) പ്രസ്തുത പാതയോരങ്ങളിൽ നടക്കുന്ന അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ദേശീയപാത അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ഡി) അനധികൃത കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഭാഗങ്ങളിൽ താലൂക്ക് സർവ്വെയറുമായി സംയുക്ത പരിശോധന നടത്തി ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് കൊടുത്ത് ഒഴിപ്പിക്കലിനുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ